# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പോരുവഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കൊല്ലം.-691001**

**ഇ-മെയിൽ: doklm.ksad@kerala.gov.in**
**ഫോൺ : 0474-2740141**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ . കെഎൽ എം/ പി10--1535/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 22/08/2024
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോരുവഴി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ . കെഎൽ എം/ പി10--1535/24 തീയ്യതി: 22/08/2024

# കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2023 മുതൽ 30-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സജികുമാർ ജി | ഡെപ്യൂട്ടി ഡയറക്ടർ | 23-07-2024 | 31-07-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-07-2024 | 31-07-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലാലു .ആർ, ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺജിത്ത്. ജി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. രാജശ്രീ.സി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശരൺ. എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബിനു മംഗലത്ത് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. റെജിമോൻ എം. | സെക്രട്ടറി | 01-04-2023 | 16-05-2023 |
| ശ്രീമതി ബിന്ദു ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-05-2023 | 31-05-2023 |
| ശ്രീ. റെജിമോൻ എം. | സെക്രട്ടറി | 01-06-2023 | 15-01-2024 |
| ശ്രീമതി ബിന്ദു ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-01-2024 | 25-01-2024 |
| ശ്രീ. റെജിമോൻ എം. | സെക്രട്ടറി | 26-01-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു ആർ. | അസി. സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ. വിനോദ് കുമാർ | അസി. എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി ഷീബ വൈ. | ഹെഡ്മിസ്ട്രസ്സ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ. കെ.ജയകുമാർ | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി സജീന എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി മോളു റ്റി ലാൽസൺ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. ആർ. അനിൽകുമാർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ. ലക്ഷ്മി ദീലീപ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2023 | 31-03-2024 |
| ശ്രീമതി പത്മജാദേവി ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ ബീനീഷ് ചന്ദ്രൻ ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 20-07-2023 |
| ശ്രീ. ജോൺസൺ ഫിലിപ്പ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21-07-2023 | 31-03-2024 |
| ശ്രീമതി ദിവ്യ റക്സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. അഖിൽ എസ്. | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2023 | 30-06-2023 |
| ശ്രീമതി ആതിര ആർ. | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 06-07-2023 | 30-09-2023 |
| ശ്രീ. അഖിൽ എസ്. | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 03-10-2023 | 31-03-2024 |
| ശ്രീ. നിധിൻ എസ്. | ഓവർസിയർ, എം.ജി.എൻ. ആർ.ഇ.ജി.എസ്. | 01-04-2023 | 31-03-2024 |
| ശ്രീമതി രമ്യ മോഹൻ | ഓവർസിയർ, എം.ജി.എൻ. ആർ.ഇ.ജി.എസ്. | 19-06-2023 | 31-03-2024 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളും എസിആർ കണക്കുകളും തമ്മിൽ വ്യത്യാസം-സുലേഖ സ്റ്റേറ്റുമെന്റിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-4 |
| 6 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | വസ്തുനികുതി കുടിശിക ഡിമാന്റ്- സഞ്ചയ കണക്കുകളിലെ വ്യത്യാസം വിശദീകരിച്ചിട്ടില്ല. | 1-11 |
| 18 | യു.ഐ.ടി. വാടക ഒടുക്കുവാൻ അവശേഷിക്കുന്നു. | 1-12 |
| 19 | വസ്തുനികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-13 |
| 20 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 21 | പ്രവർത്തിപ്പിക്കാൻ കഴിയാത്ത സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജും, കറണ്ട് ചാർജ്ജും ഒടുക്കി. ചെലവ് അംഗീകരിക്കുന്നില്ല. | 1-15 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-16 |
| 23 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല | 1-17 |
| 24 | വാലുവേഷനിൽ അധികരിച്ച് തുക അനുവദിച്ചു-എൻക്വയറിയെ തുടർന്ന് തിരികെ ഒടുക്കി | 1-18 |
| 25 | മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു | 1-19 |
| 26 | ആദ്യ ഗഡുക്കൾ കൈപ്പറ്റി -നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല | 1-20 |
| 27 | പൊതുകിണറുകൾക്ക് മോട്ടറും ടാങ്കും സ്ഥാപിക്കൽ പദ്ധതി - വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയില്ല. | 1-21 |
| 28 | അംഗൻവാടി ശിശു സൗഹൃദ ടോയ്‌ലെറ്റ് നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-22 |
| 29 | ആംബുലൻസ്- ലോഗ് ബുക്ക് പരിപാലനം | 1-23 |
| 30 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പ്രവർത്തിപ്പിക്കാൻ കഴിയാത്ത സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജും, കറണ്ട് ചാർജ്ജും ഒടുക്കി. ചെലവ് അംഗീകരിക്കുന്നില്ല. | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും, ഭരണസമിതിയുടെ 14.06.2024 തീയതിയിലെ നം.40(1) തീരുമാന പ്രകാരം അംഗീകരിച്ച് 19.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### ബി. വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

സ്ഥലം:കൊല്ലം
തീയതി:22-08-2024

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ് , ഇൻവെസ്റ്റിങ് , ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 1,56,80,901/-രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40a-40b) = 1,78,11,746/-രൂപ

**1-1-3 വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളും എസിആർ കണക്കുകളും തമ്മിൽ വ്യത്യാസം-സുലേഖ സ്റ്റേറ്റുമെന്റിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.**

വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളും, എസിആർ കണക്കുകളും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നു. സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവും, എസിആർ ചെലവും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഫണ്ട് ഇനം | എ സി ആർ പ്രകാരം ചെലവ് ₹ | സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം ചെലവ് ₹ | ധനകാര്യപത്രിക പ്രകാരം ചെലവ് ₹ |
|---|---|---|---|---|
| 1 | വികസന ഫണ്ട് മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 78,19,009/- | 50,63,481/- | 50,63,481/- |

**1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.**

(I) വസ്തുനികുതി-വരവ്, കുടിശ്ശിക വിവരങ്ങൾ, സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നതിന് നടത്തിയ ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(Ii) ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-5 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല**

ലഡ്ജർ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

**1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.**

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. വസ്തു നികുതി അക്രൂവൽ എൻട്രി യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

29.03.2023 ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 09.02.2024 ലെ 2(1) തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 3,77,48,734/-രൂപ |
| വരവ് | 7,05,93,292/-രൂപ |
| ആകെ | 10,83,42,026/-രൂപ |
| ചെലവ് | 5,27,81,546/-രൂപ |
| നീക്കിയിരിപ്പ് | 5,55,60,480/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | 23237/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 998385/- രൂപ |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്- പൊതു. | 0 | 1,71,53,000/- | 1,71,53,000/- | 1,52,92,550/- | 18,60,450/- |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്- എസ് സി പി | 0 | 1,58,67,000/- | 1,58,67,000/- | 1,27,83,677/- | 30,83,323/- |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 93,78,650/- | 93,78,650/- | 50,63,481/- | 43,15,169/- |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 0 | 38,22,600/- | 38,22,600/- | 38,22,600/- | 0 |
| സിഎഫ് സി-ടൈഡ് ബാങ്ക് | 39,64,208/- | 21,30,500/- | 60,94,708/- | 32,45,079/- | 28,49,629/- |
| സിഎഫ് സി- അൺടൈഡ്- ബാങ്ക് | 6,46,074/- | 29,53,792/- | 35,99,866/- | 334456/- | 32,65,410/- |

സിഎഫ് സി കണക്കുകളുടെ നീക്കിബാക്കി B-17 ഷെഡ്യൂളിലെ സിഎഫ് സി ബാങ്ക് അക്കൌണ്ടുമായി പൊരുത്തപ്പെടുന്നില്ല.

മറ്റ് അക്കൗണ്ടുകൾ- കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി ₹ |
|---|---|---|---|---|---|
| ഐസിഡിഎസ് | 16,44,450/- | 22,56,052/- | 3900502/- | 6,94,989/- | 3205513/- |
| ശുചിത്വമിഷൻ ഗ്രാന്റ് | 0 | 28,09,338/- | 28,09,338/- | 28,09,338/- | 0 |
| ഹെൽത്ത് ഗ്രാന്റ് -ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 2,60,048/- | 9,90,593/- | 12,50,641/- | 2,84,010/- | 9,66,631/- |
| ഹെൽത്ത് ഗ്രാന്റ് - ബിൽഡിംഗ് | 0 | 84,14,861/- | 84,14,861/- | 0 | 84,14,861/- |
| ഹെൽത്ത് ഗ്രാന്റ്- വെൽനസ് സെന്റർ | 87,078/- | 4,11,287/- | 4,98,365/- | 85,185/- | 4,13,180/- |
| സമ്പൂർണ്ണ ശുചിത്വം | 74,30,703/- | 1,81,108/- | 76,11,811/- | 51,24,395/- | 24,87,416/- |
| അങ്കണവാടി ബേബി ഫ്രണ്ട് ലി ടോയിലറ്റ് | 70,000/- | 0 | 70,000/- | 57,677/- | 12,323/- |

മറ്റ് അക്കൗണ്ടുകൾ- സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി ₹ |
|---|---|---|---|---|---|
| വിമുക്തി | 3,500/- | 0 | 3,500/- | 0 | 3,500/- |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 50,000/- | 54,00,000/- | 54,50,000/- | 27,48,000/- | 27,02,000/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 201402866/- | 123 | 72548661/- | - | 75 | 62 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ്₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 282/- | 12,75,681/- | 12,75,963/- | 12,75,963/- | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 7,96,71,040/- | 7,96,71,040/- | 7,96,71,040/- | 0 |
| ആകെ | 282/- | 8,09,46,721 | 8,09,47,003/- | 8,09,47,003/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) |
|---|---|
| തൊഴിൽരഹിത വേതനം | 2160/- |
| കർഷക തൊഴിലാളി പെൻഷൻ | 759200/- |
| വിധവാ പെൻഷൻ | 13114100/- |
| വാർധക്യകാല പെൻഷൻ | 25907500/- |
| വികാലാംഗ പെൻഷൻ | 5058800/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 200000/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.07.24, 3.00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,343/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ഐ.എൽ.ജി.എം.എസ് രസീത് നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. കൈകൊണ്ടെഴുതിയ രസീതുകൾ മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പേയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും, ILGMS വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ധനകാര്യ സ്ഥിരം സിമിതി പരിശോധിച്ച് അംഗീകരിക്കുന്നു. പണമായും, ചെക്ക്/ ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീത് വാങ്ങിസൂക്ഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പടുത്താൻ പര്യാപ്തമായ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടില്ല. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ക്രമ പ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്ക്കരിച്ച് ആസൂത്രണസമിതിയുടെ അംഗീകാരം നേടി, ഏറ്റെടുക്കുന്ന പദ്ധതികൾ പഞ്ചായത്തും, കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി ആവിഷ്കാരം ലഭിച്ചതിനു ശേഷം മോണിറ്ററിംഗ് സംവിധാനമായി മാറേണ്ടതും, പദ്ധതി നിർവ്വഹണം യഥാസമയം നടക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും, വിവധ പദ്ധതികളുടെ ഫലപ്രാപ്തി സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് രേഖപ്പെടുത്തേണ്ടതുമാണ്. നിക്ഷേപ പ്രവർത്തികൾക്കായി തുക മുൻകൂർ ഒടുക്കു വരുത്തുന്നുണ്ടെങ്കിലും ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടോ എന്ന് മോണിട്ടറിംഗ് നടത്തേണ്ടതാണ്. തനത് വിഭവ സമാഹരണം വർദ്ധിപ്പിക്കുവാനും, ചെലവിനങ്ങൾ നിയമാനുസൃത ചട്ടക്കൂടുകൾക്കുള്ളിൽ നിന്നു കൊണ്ട് കൂടുതൽ ഫലപ്രദമായ രീതിയിൽ ചെലവഴിക്കുവാനും ഗ്രാമപഞ്ചായത്ത് സമിതിയും ജീവനക്കാരുമടങ്ങുന്ന ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.02.2023 | 10/2022 - 12/2022 | 17.03.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.09.2016 - 14.10.2016 | 2011-12 - 2015-16 | 14.08.2017 |

## 1-11 വസ്തുനികുതി കുടിശിക ഡിമാന്റ്- സഞ്ചയ കണക്കുകളിലെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാക്കിയ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ ഡി സി ബി പത്രികകൾ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷത്തെ ആകെ വസ്തുനികുതി കുടിശ്ശികയും 2023-24 സാമ്പത്തിക വർഷത്തെ കുടിശ്ശിക ഡിമാന്റും പൊരുത്തപ്പെട്ടുകാണുന്നില്ല. വിശദാംശങ്ങൾ താഴെ നല്കുന്നു.

2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതി സഞ്ചയ ഡിസിബി പത്രിക

| ഇനം | മുൻവർഷ കുടിശ്ശിക₹ | | | തൻവർഷ കുടിശ്ശിക₹ | | | ആകെ കുടിശ്ശിക₹ | | |
|---|---|---|---|---|---|---|---|---|---|
| | നികുതി | ലൈബ്രറി സെസ് | ആകെ | നികുതി | ലൈബ്രറി സെസ് | ആകെ | നികുതി | ലൈബ്രറി സെസ് | ആകെ |
| റസിഡൻഷ്യൽ | 7,436/- | 374/- | 7,810/- | 12,507/- | 626/- | 13,133/- | 19,943/- | 1,000/- | 20,943/- |
| നോൺ റസിഡൻഷ്യൽ | 4,622/- | 232/- | 4,854/- | 3,696/- | 186/- | 3,882/- | 8,318/- | 418/- | 8,736/- |

01.04.23 ലെ സഞ്ചയ പത്രിക പ്രകാരമുള്ള കുടിശ്ശിക ഡിമാന്റ്

| ഇനം | നികുതി ₹ | ലൈബ്രറി സെസ് ₹ | ആകെ ₹ |
|---|---|---|---|
| റസിഡൻഷ്യൽ | 21,612/- | 1,081/- | 22,693/- |
| നോൺ റസിഡൻഷ്യൽ | 8,490/- | 425/- | 8,915/- |

31.03.23, 01.04.23 തീയതികളിൽ കുടിശ്ശികയിനത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ള തുകകളിലെ വ്യത്യാസത്തിനുള്ള കാരണം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് ( നം.15/30.07.24 ) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
സോഫ്റ്റ് വെയറിലെ നികുതി ഡിമാന്റ് കണക്കുകളിലെ വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതും ഐകെഎം സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ട് സഹിതമുള്ള മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-12 യു.ഐ.ടി. വാടക ഒടുക്കുവാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള IX/93-ാം നമ്പർ സ്ത്രീശാക്തീകരണ കേന്ദ്രം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേരള യൂണിവേഴ്സിറ്റിയുടെ യു.ഐ.ടി. എന്ന സ്ഥാപനം തൻവർഷവും വാടക ഒടുക്കു വരുത്തിയിട്ടില്ല. പി.ഡബ്ല്യു.ഡി. ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാടക മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 11,403/-രൂപ പ്രതിമാസ വാടക നിരക്കിൽ 09.02.2015 മുതൽ, കരാർ ഉടമ്പടി പ്രകാരം കെട്ടിടം യു.ഐ.ടി. യ്ക്ക് വേണ്ടി വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. 08.02.2016 ൽ കരാർ കാലാവധി അവസാനിച്ചിരുന്നെങ്കിലും നാളിതുവരെയും പുതുക്കിയിട്ടില്ല. നിലവിലെ പ്രതിമാസ വാടക 16,848/-രൂപയാണ്. തൻവർഷത്തെ കുടിശ്ശിക 2,021,76/- രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക 7,86,204/- രൂപയും ഒടുക്കു വരുത്തുവാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക ഈടാക്കുന്നതിനായി 2020-21 ൽ ഗ്രാമപഞ്ചായത്ത് കേസ് നൽകിയെങ്കിലും, കാലാകാലങ്ങളിലുള്ള പുതുക്കിയ കരാർ ഉടമ്പടിയുടെ അഭാവത്തിൽ പഞ്ചായത്തിന് അനുകൂല വിധിയല്ല ലഭിച്ചത്. സ്ഥാപനം ഒഴിഞ്ഞു തരണമെന്ന് കാണിച്ച് നിരവധി തവണ ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും കെട്ടിടം ഒഴിഞ്ഞ് നൽകിയിട്ടില്ല. ടി വിഷയം സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കേരള യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ പേരിൽ ഓൺലൈൻ റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർനടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 18/31.07.24**

## 1-13 വസ്തുനികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

2023-24 വർഷത്തെ അക്കൗണ്ട്സ് പരിശോധനയിൽ റെസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ ബിൽഡിങ്ങുകളുടെ വസ്തു നികുതി ഇനത്തിൽ തൻവർഷവും മുൻവർഷങ്ങളിലുമായി അകെ 86,832/-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 83 കെട്ടിട ഉടമകൾ 2024 മാർച്ച് 31 നു മുൻപ് വസ്തു നികുതി ഒടുക്കു വരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നും, അതിൽ 11 കെട്ടിട ഉടമകൾ 2024 ജൂലൈ 31 നുള്ളിൽ വസ്തുനികുതി ഒടുക്കിയിട്ടുണ്ടെന്നും, ശേഷിക്കുന്ന 72 കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കാൻ ഓൺലൈൻ റവന്യു റിക്കവറി നടപടികൾ സ്വീകരിക്കുമെന്നും മറുപടി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർനടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 21/31.07.24**

## 1-14 തൊഴിൽ നികുതി ഈടാക്കിയില്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് എന്നിരിക്കെ ചില സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

(1) ഗ്രാമപഞ്ചായത്തിൽ 2023-24ലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ ചുവടെ പറയുന്ന കരാറുകാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമനം. | കരാറുകാരന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1. | ശ്രീ.ബദറുദീൻ | I,II |
| 2. | ശ്രീ.നസീർ | I,II |
| 3. | ശ്രീ.ഫൈസൽ | I |

(2) സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ചെങ്ങന്നൂർ നിധി ലിമിറ്റഡ് | II |
| 2 | ഇൻഡി ട്രേഡ്,മയ്യത്തുംകര | II |

3) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി, കരാറുകാരിൽ നിന്നും ഈടാക്കേണ്ട തൊഴിൽ നികുതി എന്നിവ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ-17/31-07-2024**

## 1-15 പ്രവർത്തിപ്പിക്കാൻ കഴിയാത്ത സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജും, കറണ്ട് ചാർജ്ജും ഒടുക്കി. ചെലവ് അംഗീകരിക്കുന്നില്ല.

2023-24 ലെ തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിസരങ്ങളിൽ സ്ഥാപിട്ടുള്ള പ്രവർത്തിക്കാത്ത സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജും, കറണ്ട് ചാർജ്ജും ഒടുക്കിയതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1) **ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജ്.**

| സ്ഥാപനത്തിന്റെ പേര് | ഇനം | നൽകിയ തുക (₹) | ചെക്ക് നം. |
|---|---|---|---|
| വി.ജി കേബിൾ നെറ്റ്വർക്ക് | ഇടിക്കണ്ട ജംഗ്ഷനിലെ സി.സി. ടി.വി ക്യാമറക്ക് നെറ്റ് കണക്ഷൻ ചാർജ്ജ് | 1200/- | 466905/ 07.07.23 |
| ജെയിൻ കേബിൾ നെറ്റ്വർക്ക് | ഇടയ്ക്കാട് പാലമുക്ക്, താഴത്ത്മുക്ക് എന്നീ സ്ഥലങ്ങളിലെ സി.സി. ടി.വി ക്യാമറക്ക് നെറ്റ് കണക്ഷൻചാർജ്ജ് (29.03.23 To 14.10.23) | 11313/- | 466916/27.07.23 |
| സ്റ്റാർ കേബിൾ നെറ്റ്വർക്ക് | ചിറയിൽ കമ്പലടി ജംഗ്ഷനിലെ സി.സി. ടി.വി ക്യാമറക്ക് നെറ്റ് കണക്ഷൻ ചാർജ്ജ് (ഒരു വർഷത്തേക്ക് ) | 5000/- | 466938/23.08.23 |
| | ആകെ | 17513/- | |

2) **കറണ്ട് ചാർജ്ജ്**

| ഇനം | നൽകിയ തുക (₹) | ചെക്ക് നം |
|---|---|---|
| ചിറയിൽ ജംഗ്ഷൻ, കമ്പലടിയിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്(03/23) | 202/- | 466850/11.04.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(03/23) | 316/- | 466850/11.04.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(04/23) | 480/- | 466866/05.05.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(05/23) | 370/- | 466889/09.06.23 |
| ചിറയിൽ ജംഗ്ഷൻ, കമ്പലടിയിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്(06/23) | 226/- | 466891/15.06.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(07/23) | 493/- | 466903/07.07.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(08/23) | 512/- | 466926/09.08.23 |
| ചിറയിൽ ജംഗ്ഷൻ, കമ്പലടിയിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്(08/23) | 261/- | 466926/09.08.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(09/23) | 522/- | 704375/07.09.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(10/23) | 496/- | 704398/16.10.23 |
| ചിറയിൽ ജംഗ്ഷൻ, കമ്പലടിയിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്(10/23) | 379/- | 704398/16.10.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(11/23) | 469/- | 704415/10.11.23 |

| | | |
|---|---|---|
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട ,സാംസ്കാരിക നിലയം എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(01/24) | 998/- | 704470/10.01.24 |
| ആകെ | 5724/- | |

ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം സ്ഥാപിച്ച മേൽ ക്യാമറകളുടെ പരിപാലനവും, ക്യാമറ വിഷ്വലുകളുടെ മോണിറ്ററിംഗ് സംവിധാനവും ഗ്രാമപഞ്ചായത്താണ് നിർവ്വഹിക്കുന്നത്. ആയത് പ്രകാരം ഈ ക്യാമറകളുടെ മോണിറ്ററിംഗ് സംവിധാനം സജ്ജീകരിക്കുന്നതിനുള്ള ആപ്ലിക്കേഷൻ പ്രവർത്തിക്കുന്നതിന് INTEL CORE I5 Or Higher സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടർ ആവശ്യമാണ്. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള കമ്പ്യൂട്ടറുകളിൽ ടി ആപ്ലിക്കേഷൻ പ്രവർത്തിപ്പിക്കുവാൻ കഴിയുകയില്ല. 28.02.2022 ലെ G.O(P) No.482/2022/LSGD നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് വാങ്ങാവുന്ന കമ്പ്യൂട്ടർ/ലാപ്ടോപ്പുകൾ INTEL CORE I3 സ്പെസിഫിക്കേഷനിലുള്ളത് മാത്രമാണ്. നിലവിലുള്ള വ്യവസ്ഥയിൽ ഈ സി.സി.ടി.വി. ക്യാമറകൾ ഗ്രാമപഞ്ചായത്തിന് പ്രവർത്തിപ്പിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജ്, കറണ്ട് ചാർജ്ജ് എന്നീയിനങ്ങളിൽ ഒടുക്കിയ 23,237/- (17,513+ 5724) രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**എൻക്വയറി നം.14/30.07.24**
**നിരാകരണം-23,237/-രൂപ.**

## 1-16 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ അനുവദിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

| പ്രോജക്ട്നം, പേര് | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ/ സ്ഥാപനം | ചെലവ് വിവരം ₹ | കുറിപ്പുകൾ |
|---|---|---|---|
| 04/24- ജീവനം വിഹിതം നല്കൽ അടങ്കൽ തുക-200,000/-രൂപ (വികസന ഫണ്ട്) | സെക്രട്ടറി ജില്ലാ പഞ്ചായത്ത് | ₹2,00,000/- Bill No.04/07.07.23 | തുകയുടെ വിനിയോഗ വിവരം ലഭ്യ മാക്കിയിട്ടില്ല. |
| 124/24- ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ അടങ്കൽ തുക-104,348/-രൂപ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്) | കേരള സംസ്ഥാന വൈദ്യുത ബോർഡ് | ₹8,164/- (XVFC/2023-24/P/9 06.07.23) ₹4,709/- (XVFC/23-24/P-48 02.02.24) | തുകയുടെ വിനിയോഗ വിവരം ലഭ്യ മാക്കിയിട്ടില്ല. |
| 43/24- ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ അടങ്കൽ തുക-300,000/-രൂപ (തനതു ഫണ്ട്) | കേരള സംസ്ഥാന വൈദ്യുത ബോർഡ് | ₹75,083/- (Chq No.704441/07.12.23) ₹1,02,800/- (Chq No.946844 15.02.24) | തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 207/24- പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിന് തുക ഒടുക്കൽ അടങ്കൽ തുക-541,330/-രൂപ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്) | കേരള ജല അതോറിറ്റി | ₹5,41,330/- XVFC/2023-24/P/47 08.12.23 | ഫൈനൽ ബിൽ പകർപ്പ് , തുകയുടെ വിനിയോഗവിവരം, പ്രോജക്ട് പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. |
| ആകെ | | 9,32,086/-രൂപ | |

9,32,086/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 05/27.07.24**
**തടസ്സപ്പെടുത്തിയ തുക-9,32,086/-രൂപ**

## 1-17 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂൾ പരിശോധിച്ചതിൽ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള

തുകകൾക്കനുസൃതമായ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നില്ല. ക്രമീകരിച്ചിട്ടില്ലാത്ത തുകകളുടെ വിവരം ഹെഡ് വൈസായി താഴെ ചേർക്കുന്നു.

| ക്രമനം. | ധനകാര്യ പത്രികയിലെ ഹെഡ്കോഡ് | തുക സ്വീകരിച്ച സ്ഥാപനം | 31.03.24 വരെ അഡ്ജസ്റ്റ് ചെയ്യാനുള്ള തുക ₹ |
|---|---|---|---|
| 1 | 460500201 | കേരള വാട്ടർ അതോറിറ്റി | 29,95,482/- |
| 2 | 460500202 | കെ എസ് ഇബി | 34,59,229/- |
| 3 | 460500204 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 7,53,109/- |
| 4 | 460500205 | പി.ഡബ്ല്യു.ഡി | 4,61,216/- |
| ആകെ | | | 76,69,036/- |

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം. 6 /27.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല .

ഏതൊക്കെ പ്രവൃത്തികൾ/പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാണ് തുകകൾ നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്. ഓരോ പ്രവൃത്തിയ്ക്കും തുക നല്കിയ വൗച്ചർ/ ബിൽ നം./ചെക്ക് നം.,തീയതി, സ്ഥാപനം, പ്രോജക്ട് നം., ഫണ്ട് ഇനം, എസ്റ്റിമേറ്റ് തുക, കരാർ, പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കേണ്ടതാണ്. പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതും ദീർഘകാലമായി തുകകൾ നിഷ്ക്രിയ ആസ്തിയായി മേൽ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതിന്റെ കാരണം വിശദീകരിക്കേണ്ടതുമാണ്. നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ തുകകൾ തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-18 വാലുവേഷനിൽ അധികരിച്ച് തുക അനുവദിച്ചു-എൻക്വയറിയെ തുടർന്ന് തിരികെ ഒടുക്കി

| | |
|---|---|
| പ്രോജക്ട് നം./പേര് | Soo132/24, തുറന്ന കിണർ നിർമ്മാണം, SpillOver |
| അടങ്കൽ | 140000/-രൂപ വികസനഫണ്ട് എസ്.സി.പി. |
| ചെലവ് | 105000/-രൂപ<br>35000/-രൂപ (ബിൽ നം. 2/ 11.05.23)<br>35000/-രൂപ(ബിൽ നം.8/12.06.23)<br>35000/-രൂപ (ബിൽ നം.14/23.08.23) |

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ തുറന്ന കിണർ നിർമ്മാണം എന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ ശ്രീ കുഞ്ഞ് കുഞ്ഞ്, നെടുമ്പിനാൻ വടക്കതിൽ, കമ്പലടി മുറി എന്ന വ്യക്തിയ്ക്ക് സബ്സിഡിയായി 35000/-രൂപ (ബിൽ നം.8/12.06.23) നൽകി. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് നം.115/2022/തസ്വഭവ തീയതി-28.05.22 ഖണ്ഡിക 6.6-1 പ്രകാരം എൽഎസ്ജിഡി എഞ്ചിനീയർ/ഓവർസിയറുടെ വാലുവേഷന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ ചെലവു തുക നൽകാമെന്നും ആയത് പരമാവധി 35000/-രൂപ ആകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ കുഞ്ഞ് കുഞ്ഞ് , നെടുമ്പിനാൻ വടക്കതിൽ, കമ്പലടി മുറി എന്ന വ്യക്തിയുടെ കിണർ നിർമ്മാണത്തിന് എൽഎസ്ജിഡി ഓവർസിയറുടെ വാലുവേഷൻ പ്രകാരമുള്ള തുക 31876/-രൂപയാണ്. 3124/-രൂപ അധികമായി നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് ബിൽ തയ്യാറാക്കിയതിലെ പിശക് മൂലമാണ് ഇത്തരത്തിൽ അപാകതയുണ്ടായതെന്നും അധികമായി നൽകിയ തുക ചെലാൻ നം. KL014239968202425E/27.07.2024 പ്രകാരം തിരികെ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കി. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.3/27.07.24**

## 1-19 മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഇൻഹൌസ് ഡ്രഗ് ബാങ്കിന് മുൻകൂർ തുക നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | അടങ്കൽ(₹) | ചെലവ്(₹) | മരുന്ന് വാങ്ങുന്നതിനായിനായി നൽകിയ തുക(₹) | ലഭ്യമായ മരുന്നിന്റെ വില(₹) | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില(₹) |
|---|---|---|---|---|---|
| S00187/24, ആരോഗ്യ സ്ഥാപനങ്ങളിൽ | ഹെൽത്ത് ഗ്രാന്റ് - | ഹെൽത്ത് ഗ്രാന്റ്- 256516 /- | 90017/- (ചെക്ക് നം.22300497, തീ. 19.09.23 ) | 82560/- | 7457/- |

| | | | | | |
|---|---|---|---|---|---|
| രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ | 256516/- | | | | |
| S0060/24, ക്യൻസർ, കിഡ്നി രോഗികൾക്ക് മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് - 1000000/- | മെയിന്റനൻസ് ഫണ്ട് ,നോൺ റോഡ് - 660183/- | 660183/- (ബിൽ നം. 10 തീ. 23.11.23) | 606788.50/- | 53394.50/- |
| S0045/24, പാലിയേറ്റീവ് കെയർ | വികസനഫണ്ട്- 600000/- തനതു ഫണ്ട്- 100000/- ബ്ലോക്ക് പഞ്ചായത്ത്- 2000000/-രൂപ ആകെ- 900000/- | വികസനഫണ്ട്- 438366/- തനതു ഫണ്ട്- 100000/- ബ്ലോക്ക് പഞ്ചായത്ത്- 2000000/- ആകെ-738366/- | 100000/- (ചെക്ക് നം.946833, തീ. 29.01.24 ) | 94552.50/- | 5447.5/- |
| | | | | ആകെ | 66299/- |

66,299/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാകുന്നതു വരെ ചെലവ് തുക 66,299/-രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 13 /30.07.24**

**തടസ്സപ്പെടുത്തുന്ന തുക- 66,299/- രൂപ**

## 1-20 ആദ്യ ഗഡുക്കൾ കൈപ്പറ്റി -നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല

ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് സബ്സിഡി തുകയുടെ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല .വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

1)**ലൈഫ് ഭവനപദ്ധതി (ജനറൽ)**

| ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയ തുക (₹) | ബിൽ നം./ തിയതി |
|---|---|---|
| ശ്രീമതി. വത്സല, നെഞ്ചുവിള, മയിലാടുംമുകൾ | 40,000/- | 11/20.9.22 |
| ശ്രീമതി. ഉഷാകുമാരി, സുധീഷ് ഭവനം, അമ്പലത്തുംഭാഗം. | 40,000/- | 11/20.9.22 |
| ആകെ | 80,000/- | |

2) **ലൈഫ് ഭവനപദ്ധതി (എസ്.സി.പി.)**

മുൻവർഷങ്ങളിൽ കരാറിൽ ഏർപ്പെട്ടതിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റിയിട്ട് ഭവനനിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയ തുക (₹) | ബിൽ നം./ തിയതി |
|---|---|---|
| ശ്രീമതി. ഗിരിജ, തറയിൽ പുത്തൻവീട്, അമ്പലത്തുംഭാഗം | 40,000/- | 22/30.11.22 |
| ശ്രീമതി. സിന്ധു, സിന്ധുഭവനം, മലനട | 40,000/- | 22/30.11.22 |
| ശ്രീമതി. വിജയമ്മ, വിജയഭവനം, മൂവക്കോട് | 40,000/- | 23/13.12.22 |
| ശ്രീമതി. രജനിഗന്ധി, മണ്ണമ്പുഴ തെക്കതിൽ, തൊളിക്കൽ | 40,000/- | 204950/27.1.23 |
| ശ്രീമതി. കുഞ്ഞുമോൾ, പള്ളിപറമ്പിൽ, മൂവക്കോട് | 40,000/- | 204950/27.1.23 |
| ശ്രീമതി. ശാരദ, പ്ലാവിള തെക്കതിൽ, വടക്കേമുറി | 40,000/- | 04/04.06.23 |
| ശ്രീമതി. സരസമ്മ, കല്ലുശ്ശേരി വടക്കതിൽ | 40,000/- | 04/04.06.23 |
| ശ്രീമതി. രാധാമണി, മംഗലത്ത് പടിഞ്ഞാറ്റതിൽ, അമ്പലത്തുംഭാഗം | 40,000/- | 04/04.06.23 |
| ശ്രീമതി. ശ്രീമതി, കാഞ്ഞിരവിള പുത്തൻവീട്, ഇടയ്ക്കാട് | 40,000/- | 04/04.06.23 |
| ശ്രീമതി. ആനന്ദവല്ലി, രാധാഭവനം, പോരുവഴി | 40,000/- | 04/04.06.23 |
| ശ്രീമതി. സുമതി, സുമേഷ്ഭവനം, പോരുവഴി | 40,000/- | 04/04.06.23 |

| | | |
|---|---|---|
| ശ്രീമതി. ആനന്ദവല്ലി, സലിൽ വിഹാർ, ചാങ്ങയിൽക്കാവ് | 40,000/- | 050763/19.09.23 |
| ശ്രീ. മോഹനൻ, ഇടമുകൾ കിഴക്കതിൽ, ഇടയ്ക്കാട് | 40,000/- | 050763/19.09.23 |
| ശ്രീ. രവീന്ദ്രൻ, രമ്യാഭവനം, ഇടയ്ക്കാട് | 40,000/- | 4356049/6.12.23 |
| ശ്രീമതി. സതി സന്തോഷ്, നെടുമ്പിനാൽ പടിഞ്ഞാറ്റതിൽ, ഇടയ്ക്കാട് | 40,000/- | 204950/27.1.23 |

ആദ്യഗഡു കൈപ്പറ്റിയിട്ട് ഭവനനിർമ്മാണം ആരംഭിക്കാത്തതിന് വിശദീകരണവും, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച തുടർ നടപടി വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഏഴുപേർ ഭവനനിർമ്മാണം ആരംഭിക്കുന്നതിനായി സാധനങ്ങൾ സൈറ്റിൽ ഇറക്കിയിട്ടുണ്ടെന്നും അവശേഷിക്കുന്നവർ ഭവനനിർമ്മാണം നാളിതു വരെയും ആരംഭിച്ചിട്ടില്ലെന്നും ആയതിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തികരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും, അല്ലാത്തപക്ഷം പിഴപ്പലിശ ഉൾപ്പടെ നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം. 20 /31.07.24**

## 1-21 പൊതുകിണറുകൾക്ക് മോട്ടറും ടാങ്കും സ്ഥാപിക്കൽ പദ്ധതി - വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയില്ല.

1. പദ്ധതി- 163/24 പൊതുകിണറിന് മോട്ടറും ടാങ്കും സ്ഥാപിക്കൽ വാർഡ് 4.

അടങ്കൽ – ₹ 12505/- (വികസന ഫണ്ട് )

₹ 125666/- (ധനകാര്യ കമ്മീഷൻ)

ചെലവ് – ₹ 136032/-

2. പദ്ധതി- 150/24 ഇടയ്ക്കാട്ട് കോളനിയിലെ പൊതു കിണറിന് മോട്ടറും, ടാങ്കും സ്ഥാപിക്കൽ വാർഡ് 3

അടങ്കൽ – ₹ 12905/- (വികസന ഫണ്ട് )

₹ 125666/- (ധനകാര്യ കമ്മീഷൻ)

ചെലവ് – ₹ 136515/-

3. പദ്ധതി- 161/24 വയണവിള പടിഞ്ഞാറ് പൊതു കിണറിന് മോട്ടറും, ടാങ്കും സ്ഥാപിക്കൽ വാർഡ് 17

അടങ്കൽ – ₹ 12380/- (വികസന ഫണ്ട് )

₹ 125666/- (ധനകാര്യ കമ്മീഷൻ)

ചെലവ് – ₹ 128323/-

4. പദ്ധതി- 171/24 കുടിവെള്ള കിണറിന് മോട്ടറും, ടാങ്കും സ്ഥാപിക്കൽ വാർഡ് 17

അടങ്കൽ – ₹ 25008/- (വികസന ഫണ്ട് )

₹ 251332/- (ധനകാര്യ കമ്മീഷൻ)
ചെലവ് – ₹ 267717/-

5. പദ്ധതി- 164/24 തൊണ്ടുകുറ്റിമുക്ക് ലക്ഷം വീട് കോളനിയിൽ കുഴൽ കിണറിന് മോട്ടറും, ടാങ്കും സ്ഥാപിക്കൽ വാർഡ് 17

അടങ്കൽ – ₹ 125666/- (ധനകാര്യ കമ്മീഷൻ)

ചെലവ് – ₹ 111439/-

മേൽ പദ്ധതികൾ പ്രകാരം അസി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്തിലെ വിവിധ വാർഡുകളിലെ പൊതു കിണറുകൾക്ക് മോട്ടോറും, 2000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് അസി.എൻജിനിയർ സെക്രട്ടറിക്ക് കത്ത് നൽകിയെങ്കിലും വൈദ്യുതി കണക്ഷൻ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ ഉടനടി സ്വീകരിക്കുന്നതാണെന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി, മോട്ടോറും, ടാങ്കും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

**ഓഡിറ്റ് എൻക്വയറി നമ്പർ- 8/27.07.24**

## 1-22 അംഗൻവാടി ശിശു സൗഹൃദ ടോയ്‌ലെറ്റ് നിർമ്മാണം പൂർത്തിയാക്കിയില്ല.

പദ്ധതി- 196/24 അംഗൻവാടി നം 40 ശിശു സൗഹൃദ ടോയ്‌ലെറ്റ് നിർമ്മാണം.

അടങ്കൽ – ₹ 95,000/-

45,000/- (ധനകര്യ കമ്മീഷൻ ഗ്രാന്റ് )

50,000/- ( ഐ സി ഡി എസ് വിഹിതം )

ചെലവ് – ₹ 37,677/- ബിൽ നം 2069/27.03.24

കരാറുകാരൻ : ശ്രീ ഖുറേഷി

മേൽ പദ്ധതിയ്ക്കായി 95000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ശ്രീ ഖുറേഷിക്ക് പ്രവൃത്തി നൽകുകയും ചെയ്തിട്ടുണ്ട്. ഫൗണ്ടേഷനും ഭിത്തിയും ഉൾപ്പെടെയുള്ള പ്രവർത്തികൾ പൂർത്തിയാക്കി കരാറുകാരൻ പാർട്ട് ബിൽ ഇനത്തിൽ 37677 /- രൂപ 27.03.2024 ൽ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർ പ്രവർത്തികൾ ചെയ്തിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ പ്രവത്തി 2024-25 വർഷം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നിർദേശം നല്കിയിട്ടുണ്ടെന്നുമുള്ള മറുപടി ഹാജരാക്കിയിട്ടുണ്ട്. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ- 11 /30.07.2024**

## 1-23 ആംബുലൻസ്- ലോഗ് ബുക്ക് പരിപാലനം

പ്രാഥമികാരോഗ്യകേന്ദ്രത്തിലെ KL02-BQ-3788 ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. 30.06.2007 ലെ ജി.ഒ.(എം.എസ്.) 170/2007/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും, ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ആയത് ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
2. സർക്കുലർ നമ്പർ 41/2008/ധന./02/08/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ കൺട്രോളിംഗ് ഓഫീസറുടെ ഒപ്പ് ലോഗ്ബുക്കിൽ നിർദിഷ്ട ഭാഗത്ത് രേഖപ്പെടുത്തിയിട്ടില്ല.
3. മാസാവസാനം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയ ദൂരത്തെ സംബന്ധിച്ചും ഇന്ധന ഉപഭോഗം സംബന്ധിച്ചുമുള്ള സംക്ഷിപ്ത വിവരം കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. ഡീസൽ നിറച്ചതിന്റെ വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും, ആയത് ചുമതലപ്പെട്ട കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.
4. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ

ഹരിതകർമ്മസേന പ്രവർത്തനഅവലോകനം

**അടിസ്ഥാനവിവരങ്ങൾ**

ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളിലായി 8088 കുടുംബങ്ങളും 800 സ്ഥാപനങ്ങളുമുണ്ട്. . ഗ്രാമപഞ്ചായത്തിൽ നിലവിൽ 36 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണുള്ളത്.

**മാലിന്യശേഖരണകാര്യക്ഷമത**

എല്ലാ മാസവും 01 മുതൽ 15 വരെയുള്ള തീയതികളിൽ അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള കലണ്ടർ പ്രകാരം പ്രവർത്തനം നടത്തുന്നു. ക്യൂ.ആർ. കോഡ് പതിച്ച് 'ഹരിതമിത്രം' ആപ്പിൽ ഉൾപ്പെടുത്തിയതുവഴി 100% ഭവനങ്ങളും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 88% യൂസർഫീ ആണ് നിലവിൽ ഈടാക്കുന്നത്. 2023-24 ൽ ഹരിത ചട്ടം ലംഘിച്ചതിന്റെ പേരിൽ പിഴ ഈടാക്കിയിട്ടില്ല.

**മാലിന്യവേർതിരിവ്പാലിക്കൽ**

ശേഖരിക്കുന്ന മാലിന്യങ്ങൾ മിനി എം.സി.എഫ്.കളിൽ വെച്ച് വേർതിരിച്ച് ക്രമീകരിക്കുന്നു. തരംതിരിച്ച അജൈവ മാലിന്യങ്ങളും ലെഗസി മാലിന്യങ്ങളും "പാണ്ടാസ് "എന്ന സ്ഥാപനത്തിനാണ് കൈമാറുന്നുത്.

**റീസൈക്ലിംഗ്**

മാലിന്യങ്ങളിൽ നിന്നും പുനരുപയോഗ സാധ്യതയുള്ളവ കണ്ടെത്തി ഉപയുക്തമാക്കുന്നതിനള്ള സംവിധാനങ്ങൾ നിലവിൽ ഇല്ല.

**കമ്മ്യൂണിറ്റിഎൻഗേജ്മെന്റ്**

കുടുംബശ്രീ, കില എന്നിവയുടെ ആഭിമുഖ്യത്തിൽ നിരവധി തവണ കാര്യശേഷിവികസന ബോധവൽക്കരണ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. അജൈവമാലിന്യശേഖരണത്തിന്റെ ഡിജിറ്റൽ മോണിട്ടറിംഗ് ആപ്പ് ആയ ഹരിതമിത്രം ആപ്പ് സംബന്ധിച്ച പരിശീലനം എല്ലാ ഹരിതകർമ്മസേനാംഗങ്ങൾക്കും നൽകിയിട്ടുണ്ട്.

**തൊഴിൽസൃഷ്ടിക്കൽ**

ഗ്രാമപഞ്ചായത്തിൽ നിലവിൽ 36 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന പ്രവർത്തിക്കുന്നു. യൂസർഫീ ഇനത്തിലും, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുകകളാണ് മുഖ്യ വരുമാനം. വരവു തുകകൾ നിക്ഷേപിക്കുന്നതിന് കൺസോർഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ, കേരള ഗ്രാമീൺ ബാങ്ക്, ഭരണിക്കാവ് ബ്രാഞ്ചിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നിക്ഷേപിക്കപ്പെടുന്ന തുകയിൽ 10% അക്കൗണ്ടിൽ നിലനിർത്തിയ ശേഷമുള്ള തുക പ്രതിമാസം, ഓരോ അംഗത്തിനും അയാളുടെ കളക്ഷന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് വഴി വിതരണം നടത്തുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് 7500/-രൂപ ശരാശരി വേതനമായി ലഭിക്കുന്നുണ്ട്. കൺസോർഷ്യം അക്കൗണ്ടിൽ ശേഷിക്കുന്ന തുകയുടെ 40% എല്ലാവർഷവും ഓണത്തോടനുബന്ധിച്ച് ബോണസ് ഇനത്തിൽ, ഹരിതകർമ്മസേനാംഗങ്ങൾക്ക് വീതിച്ചു നൽകുന്നു. വയബലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വന്നിട്ടില്ല.

**അടിസ്ഥാനസൗകര്യവികസനം**

പഞ്ചായത്തിൽ 19 മിനി എം.സി.എഫുകളാണ് ഉള്ളത്. എം.സി.എഫിന്റെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മാലിന്യ നീക്കത്തിന് സ്വന്തമായി ഒരു ഇലക്ട്രിക് മുച്ചക്ര വാഹനം ഉണ്ട്. ഇലക്ട്രിക് മുച്ചക്ര വാഹനം ഓടിക്കുന്നതിന് ഹരിതസേനാംഗങ്ങൾക്ക് പരിശീലനം നൽകി 2 പേർക്ക് ലൈസൻസ് ലഭ്യമാക്കിയെങ്കിലും നിലവിലും പുറത്തുനിന്നും ഡ്രൈവറെ നിയോഗിച്ച് കൺസോർഷ്യം അക്കൌണ്ടിൽ നിന്നും ഒരു നിശ്ചിത തുക വേതനം നൽകി വരുന്നു.

**പാരിസ്ഥിതികആഘാതം-കൈകൊണ്ടനടപടികൾ**

നിലവിൽ സംവിധാനങ്ങൾ ഒന്നും തന്നെയില്ല

**പരിശീലനവുംവികസനവും**

പാണ്ടാസ് കമ്പിനിയിൽ നിന്നും കുടുംബശ്രീ പ്രവർത്തകരിൽ നിന്നും പരിശീലനം ലഭിച്ചിട്ടുണ്ട്.

**നിയമങ്ങൾപാലിക്കൽ**

മാലിന്യ സംസ്കരണനിയമങ്ങളും ഹരിതചട്ടങ്ങളും പാലിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വാർഡുകളിലും ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമസഭകളിലും പഞ്ചായത്ത് തലത്തിൽ ജനങ്ങൾ കൂടുന്ന എല്ലാ കൂട്ടായ്മകളിലും ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനെക്കുറിച്ചും, അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനെക്കുറിച്ചും അവബോധം നൽകിയിട്ടുണ്ട്. കുട്ടികളുടെ ഹരിതസഭ നടത്തുകയും അതുവഴി കുട്ടികൾക്കിടയിൽ മാലിന്യ നിർമ്മാർജ്ജനത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

**ഹരിത കർമ്മസേനാംഗങ്ങളുടെ പ്രവർത്തനം-ഹരിതകർമ്മസേന വരവ് – ചെലവ് : 2023-24**

| ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് | കൈമാറിയ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് | പ്ലാസ്റ്റിക് വിൽപ്പന വരവ് (രൂപ) | യൂസർ ഫീ വരവ് (രൂപ) | ആകെ വരവ് (രൂപ) | ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകിയ വേതനം (രൂപ) |
|---|---|---|---|---|---|
| 29246.90KG | 29246.90KG | 3,32,700/- | 31,36,795/- | 34,69495/- | 31,22,545/- |

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)**

**അടിസ്ഥാനവിവരങ്ങൾ**

പഞ്ചായത്തിൽ 19 മിനി എം.സി.എഫുകൾ ഉണ്ട്. എം.സി.എഫിന്റെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. എം.സി.എഫിന് അനുബന്ധമായി ഡ്രസ്സിംഗ് റൂം, ശുചിമുറികൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഹരിതകർമ്മസേനാംഗങ്ങൾക്ക് യൂണിഫോം, ഗ്ലൗസ്, തൊപ്പി, തിരിച്ചറിയൽ കാർഡ്, ട്രോളി (18- എണ്ണം) തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ പഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്.

**മാലിന്യകൈമാറ്റകാര്യക്ഷമത**

വീടുകളിൽ നിന്നും സമയബന്ധിതമായി എല്ലാ മാസവും അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നു. എങ്കിലും നിലവിൽ എം.സി.എഫ്. പ്രവർത്തനക്ഷമമല്ലാത്തതിനാൽ തുണി, കുപ്പിച്ചില്ല്, എന്നിവ ശേഖരിക്കാൻ സാധിക്കുന്നില്ല. ശേഖരിക്കുന്ന മാലിന്യം പൂർണ്ണമായി മിനി എം.സി.എഫുകളിലേയ്ക്ക് മാറ്റുന്നുണ്ട്.

**മാലിന്യസംഭരണശേഷി**

എം.സി.എഫിന്റെ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ആയത് പ്രവർത്തനസജ്ജമായിട്ടില്ല.

**മാലിന്യംകൈകാര്യംചെയ്യുന്നതിനുള്ളനടപടിക്രമങ്ങൾ**

പ്രവർത്തന കാര്യക്ഷമതവർദ്ധിപ്പിക്കുന്നതിനായി സ്മാർട്ട് ഗാർബേജ് ആപ്പ്, ഹരിത കാർഡ് എന്നിവ നടപ്പിലാക്കി എല്ലാ ഭവനങ്ങളിൽ നിന്നും യൂസർഫീ കളക്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

**പ്രവർത്തനംമെച്ചപ്പെടുത്തുന്നതിനുള്ളനിർദ്ദേശങ്ങൾ**

1. യൂസർ ഫീ ഇനത്തിൽ കുടിശ്ശിക വരുത്തുന്നവരുടെ കയ്യിൽ നിന്നും പിഴ ഈടാക്കാവുന്നതാണ്.
2. നിർമ്മാണം പൂർത്തീകരിച്ച എം.സി.എഫിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കേണ്ടതാണ്.
3. എല്ലാ വീടുകളിലും സന്നദ്ധസംഘടനകളുടെ സഹായത്തോടെ ബോധവത്കരണ പരിപാടികൾ നടത്തേണ്ടതാണ്
4. ജൈവമാലിന്യങ്ങൾ വളമാക്കി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നടപ്പാക്കാവുന്നതാണ്.

5. പഞ്ചായത്ത് തലത്തിൽ പരാതി പരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.

6. പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ചും, അവയുടെ വിനിയോഗം കുറയ്ക്കുന്നതിന്റേയും, അവ ശാസ്ത്രീയമായി പുനരുപയോഗത്തിലൂടെ നിർമ്മാർജനം ചെയ്യേണ്ടതിന്റെയും ആവശ്യകതയെപ്പറ്റിയും പൊതുജനാവബോധം വളർത്തുന്നതിന് ആവശ്യമായ നിരന്തര കർമ്മ പരിപാടികൾ കൂടി ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്താവുന്നതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവർത്തിപ്പിക്കാൻ കഴിയാത്ത സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജും, കറണ്ട് ചാർജ്ജും ഒടുക്കി. ചെലവ് അംഗീകരിക്കുന്നില്ല.

2023-24 ലെ തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിസരങ്ങളിൽ സ്ഥാപിട്ടുള്ള പ്രവർത്തിക്കാത്ത സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജും, കറണ്ട് ചാർജ്ജും ഒടുക്കിയതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1) **ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജ്.**

| സ്ഥാപനത്തിന്റെ പേര് | ഇനം | നൽകിയ തുക (₹) | ചെക്ക് നം. |
|---|---|---|---|
| വി.ജി കേബിൾ നെറ്റ്വർക്ക് | ഇടിക്കണ്ട ജംഗ്ഷനിലെ സി.സി. ടി.വി ക്യാമറക്ക് നെറ്റ് കണക്ഷൻ ചാർജ്ജ് | 1200/- | 466905/ 07.07.23 |
| ജെയിൻ കേബിൾ നെറ്റ്വർക്ക് | ഇടയ്ക്കാട് പാലമുക്ക്, താഴത്ത്മുക്ക് എന്നീ സ്ഥലങ്ങളിലെ സി.സി. ടി.വി ക്യാമറക്ക് നെറ്റ് കണക്ഷൻചാർജ്ജ് (29.03.23 To 14.10.23) | 11313/- | 466916/27.07.23 |
| സ്റ്റാർ കേബിൾ നെറ്റ്വർക്ക് | ചിറയിൽ കമ്പലടി ജംഗ്ഷനിലെ സി.സി. ടി.വി ക്യാമറക്ക് നെറ്റ് കണക്ഷൻ ചാർജ്ജ് (ഒരു വർഷത്തേക്ക് ) | 5000/- | 466938/23.08.23 |
| | ആകെ | 17513/- | |

2) **കറണ്ട് ചാർജ്ജ്**

| ഇനം | നൽകിയ തുക (₹) | ചെക്ക് നം |
|---|---|---|
| ചിറയിൽ ജംഗ്ഷൻ, കമ്പലടിയിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്(03/23) | 202/- | 466850/11.04.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(03/23) | 316/- | 466850/11.04.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(04/23) | 480/- | 466866/05.05.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(05/23) | 370/- | 466889/09.06.23 |
| ചിറയിൽ ജംഗ്ഷൻ, കമ്പലടിയിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്(06/23) | 226/- | 466891/15.06.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(07/23) | 493/- | 466903/07.07.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(08/23) | 512/- | 466926/09.08.23 |

| | | |
|---|---|---|
| ചിറയിൽ ജംഗ്ഷൻ, കമ്പലടിയിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്(08/23) | 261/- | 466926/09.08.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(09/23) | 522/- | 704375/07.09.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(10/23) | 496/- | 704398/16.10.23 |
| ചിറയിൽ ജംഗ്ഷൻ, കമ്പലടിയിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്(10/23) | 379/- | 704398/16.10.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(11/23) | 469/- | 704415/10.11.23 |
| താഴത്ത്മുക്ക്,ഇടയ്ക്കാട്,ഇടിക്കണ്ട ,സാംസ്കാരിക നിലയം എന്നിവിടങ്ങളിലെ സി.സി. ടി.വി ക്യാമറയുടെ കറണ്ട് ചാർജ്ജ്.(01/24) | 998/- | 704470/10.01.24 |
| ആകെ | 5724/- | |

ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം സ്ഥാപിച്ച മേൽ ക്യാമറകളുടെ പരിപാലനവും, ക്യാമറ വിഷ്വലുകളുടെ മോണിറ്ററിംഗ് സംവിധാനവും ഗ്രാമപഞ്ചായത്താണ് നിർവ്വഹിക്കുന്നത്. ആയത് പ്രകാരം ഈ ക്യാമറകളുടെ മോണിറ്ററിംഗ് സംവിധാനം സജ്ജീകരിക്കുന്നതിനുള്ള ആപ്ലിക്കേഷൻ പ്രവർത്തിക്കുന്നതിന് INTEL CORE I5 Or Higher സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടർ ആവശ്യമാണ്. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള കമ്പ്യൂട്ടറുകളിൽ ടി ആപ്ലിക്കേഷൻ പ്രവർത്തിപ്പിക്കുവാൻ കഴിയുകയില്ല. 28.02.2022 ലെ G.O(P) No.482/2022/LSGD നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് വാങ്ങാവുന്ന കമ്പ്യൂട്ടർ/ലാപ്പ്ടോപ്പുകൾ INTEL CORE I3 സ്പെസിഫിക്കേഷനിലുള്ളത് മാത്രമാണ്. നിലവിലുള്ള വ്യവസ്ഥയിൽ ഈ സി.സി.ടി.വി. ക്യാമറകൾ ഗ്രാമപഞ്ചായത്തിന് പ്രവർത്തിപ്പിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജ്, കറണ്ട് ചാർജ്ജ് എന്നീയിനങ്ങളിൽ ഒടുക്കിയ 23,237/- (17,513+ 5724) രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**എൻക്വയറി നം.14/30.07.24**
**നിരാകരണം-23,237/-രൂപ.**

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 25.07.24 & 26.07.24 | കെ.എസ്.എ.കെ.എൽ.എം.പി 10/1535/2024 തീയതി-22.08.2024 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 2,75,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (51/24) | 2,75,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1040000/- | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി (എസ്.സി.പി) (70/23) | 1040000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 2,00,000/- | പാലിയേറ്റീവ് കെയർ (45/24) | 2,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 283188/- | പാലിന് സബ്സിഡി (84/24) | 283188/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 961000/- | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി, ജനറൽ(67/24) | 961000/- | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 62972/- | അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ – ഭക്ഷണകിറ്റ് വാങ്ങി നൽകൽ (03/24) | 62972/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 200000/- | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (56/24) | 200000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 74850/- | അങ്കണവാടി പോഷകാഹാരം(46/24) | 74850/- | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 300000/- | അങ്കണവാടി പോഷകാഹാരം എസ്.സി.പി. (49/24) | 300000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 88400/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 88400/- | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 2001000/- | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി (ജനറൽ) (135/24) | 2001000/- | |
| ജില്ലാ പഞ്ചായത്ത് | 2023-24 | 880000/- | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി (എസ്.സി.പി) (70/24) | 880000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 418208/- | പൊലിയോ പൊലി (240/24) | 418208/- | |
| ജില്ലാ പഞ്ചായത്ത് | 2023-24 | 154000/- | നെൽകൃഷി വികസനം(30/24) | 154000/- | |
| ജില്ലാ പഞ്ചായത്ത് | 2023-24 | 3,75,943/- | പാലിന് സബ്സിഡി (ജനറൽ)(84/24) | 3,75,943/- | |
| ജില്ലാ പഞ്ചായത്ത് | 2023-24 | 31675/- | പാലിന് സബ്സിഡി (എസ്.സി.പി)(84/24) | 31675/- | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും, ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ടിന്റെ പേര് | നിക്ഷേപിച്ച തുക (₹) | ബിൽ ബുക്ക് നമ്പർ/ ട്രഷറി വൗച്ചർ നമ്പർ | ചെലവഴിച്ച തുക (₹) | അവശേിക്കുന്ന തുക (₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (124/24) | 96,089/-<br>4,709/- | 22300277/13.07.23<br>22300944/07.02.24 | 87925/-<br>0 | 8164/-<br>4709/- |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (43/24) | 75,083/-<br>1,02,800/- | 22300758/07.12.23<br>22300967/15.02.24 | 0<br>0 | 75083/-<br>102800/- |
| കേരള വാട്ടർ അതോറിറ്റി | പഞ്ചായത്ത് പരിധിയിലെ പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിന് തുക അടവാക്കൽ ( 207/24) | 5,41,330/- | 22300772/11.12.23 | 0 | 541380/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹1,50,80,000/- വരവുണ്ട്. മുൻബാക്കിയടക്കമുള്ള തുകയിൽ ആകെ ₹1,03,40,000/- തൻവർഷം വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനം ₹49,50,000/- ബാലൻസ് നിലനില്ക്കുന്നു.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | | മുതൽ ₹ | പലിശ | ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | -- | 1,50,80,000/- | 1,88,98,915/- | 32,21,527/- | - | 3,07,57,388/- |

**4-6 സ്ഥിര നിക്ഷേപം**

ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച 22600/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2021-22 | 1-12 | 4000/- | ശ്രീ. മോഹനചന്ദ്രൻ നായർ | 1230400830/15.7.2023 |
| 2021-22 | 1-12 | 2000/- | ശ്രീ. ശശിധരകുറുപ്പ് | 1230400859/15.7.2023 |
| 2021-22 | 1-12 | 6000/- | ഡോ. ചന്ദ്രശേഖര പ്രസാദ് | 1230401459/27.09.2023 |
| 2021-22 | 1-12 | 7500/- | വേണാട് പൌൾട്രി ഫാം | 1230401460/27.09.2023 |
| 2022-23 | 1-12 | 2000/- | ശ്രീ. വിനോദ് കുമാർ | 123040996/27.03.2024 |
| 2022-23 | 1-12 | 1100/- | ശ്രീമതി. വിജയലക്ഷ്മി | 1230405058/30.03.2024 |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15<br>2015-16 | | 2016-17<br>2016-17 | അനുബന്ധം -4<br>അനുബന്ധം- 5 | തൊഴിൽ നികുതി | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഈ ഇനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 23237/- | ശ്രീ. റെജി മോൻ എം., സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 9,32,086/- | ശ്രീ. റെജി മോൻ എം, സെക്രട്ടറി |
| 1-19 | 66,299/- | ഡോ. ലക്ഷമി ദീലിപ്,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും /ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ. റെജി മോൻ എം, സെക്രട്ടറി, പോരുവഴി ഗ്രാമപഞ്ചായത്ത് | വിരമിച്ചു | തട്ടാരഴികത്ത് പുത്തൻ വീട്, പുത്തൂർ |
| ഡോ. ലക്ഷമി ദീലീപ് മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പോരുവഴി പി.എച്ച്.സി. | നല്ലൂർ വീട്, ഞാറക്കാട്, തലവൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(2)/2018,12.04.2018 | 6 |
| 1998-99 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(3)/2018,12.04.2018 | 7 |
| 1999-00 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(4)/2018,12.04.2018 | 5 |
| 2000-01 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(5)/2018,12.04.2018 | 2 |
| 2001-02 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(6)/2018,12.04.2018 | 1 |
| 2002-03 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(7)/2018,12.04.2018 | 3 |
| 2003-04 & 2004-05 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(8)/2018,12.04.2018 | 2 |
| 2005-06 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(9)/2018,12.04.2018 | 4 |
| 2006-07 | എൽ.എഫ്.ക്യൂപി2/1200/2014,.08.07.2014 | 8 |
| 2007-08 | എൽ.എഫ്.ക്യൂപി2/1200/2014,.08.07.2014 | 10 |
| 2008-09 | എൽ.എഫ്.ക്യൂപി2/1200/2014,.08.07.2014 | 16 |
| 2009-10 | എൽ.എഫ്.ക്യൂപി2/1200/2014,.12.06.2014 | 18 |
| 2010-11 | എൽ.എഫ്.ക്യൂപി2/1200/2014,.12.06.2014 | 4 |
| 2011-12 & 2012-13 | കെഎസ്എകെഎൽഎംപി.10/അദാ./2011-12,2012-13/1503/22(1) (22-8-22) | 11 |
| 2013-14 | കെഎസ്എകെഎൽഎംപി.10/അദാ./2013-14/1503/22(2) (22-8-22) | 8 |
| 2014-15 | കെഎസ്എകെഎൽഎംപി.10/അദാ./2014-15/1503/22(3) (22-8-22) | 14 |
| 2015-16 | കെഎസ്എകെഎൽഎംപി.10/അദാ./2014-15/1503/22(4) (22-8-22) | 11 |
| 2016-17 | കെഎസ്എകെഎൽഎംപി.10/1245/30.11.2017 | 18 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം/പി10/252/2019/27/04/2019. | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ/കെ.എൽ.എം/പി.10/1858/2019/24/01/2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ/കെ.എൽ.എം/പി.10/1519/21 / 12/04/2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ/കെ.എൽ.എം/പി.10/1523/21 18.07.22 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ/കെ.എൽ.എം/പി.8/238/23, 05.04.23 | എല്ലാ ഖണ്ഡികകളും |
| 2022-23 | കെ.എസ്.എ/കെ.എൽ.എം/പി.8/1855/23, 23.11.2023 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 40/1 dated 40/1 dated 14-06-2024 and submitted on 19-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Poruvazhi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Poruvazhi Grama Panchayat as on 31-03-2024

**Date: 22/08/2024** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Poruvazhi Grama Panchayat for the Year 2023-2024.**

**1.Major Observations**

nil

**2.Other Observations**

1)The following mandatory financial statements prescribed in accounting rules are not submitted for audit

Ratios , notes on accounts

2) Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) The expenditure shown in Appropriation control register didnot match with that shown in Annual financial statement and sulekha statement in respect of Maintenance Grant(Non Road)

4) (a) The following registers are not maintained/does not match with accounts/not reliable for audit

Assets register

5) The ledger accounts are not periodically reconciled.

6) Lapses in making timely and accurate demand entries in respect of tax and non tax revenue

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം 3</u>**
**<u>അനുബന്ധ പത്രികകൾ</u>**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.